## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 2174** 13.06.2019 - ൽ മറുപടിക്ക്.

## വയനാട് ജില്ലയിലെ തോട്ടം തൊഴിലാളികൾക്ക് മുൻഗണന റേഷൻകാർഡ്

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. സി.കെ ശശീന്ദ്രൻ :** | | **ശ്രീ. പി. തിലോത്തമൻ (ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** | |
| **(എ)** | വയനാട് ജില്ലയിലെ തോട്ടം തൊഴിലാളികൾക്ക് മുൻഗണന കാർഡ് ലഭിക്കാത്തതിനാൽ ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി വീട് അടക്കമുള്ള നിരവധി ആനുകൂല്യങ്ങൾ ലഭിക്കുന്നില്ല എന്ന കാര്യം ശ്രദ്ധയിൽ വന്നിട്ടുണ്ടോ; | **(എ)** | ലൈഫ് മിഷൻ പദ്ധതി ഗുണഭോക്താക്കൾക്ക് അടിയന്തിരമായി റേഷൻകാർഡ് ലഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. മുൻഗണനാ വിഭാഗങ്ങൾക്ക് സൗജന്യ ചികിത്സാ സഹായം നിലവിൽ നൽകി വരുന്നുണ്ട്. മാത്രമല്ല തുടർചികിത്സ ആവശ്യമായി വരുന്ന സാഹചര്യത്തിൽ മുൻഗണനേതര വിഭാഗത്തിൽപ്പെട്ടവർക്ക് ചികിത്സാ ആനുകൂല്യം ലഭിക്കുന്നതിനായി "സ്റ്റേറ്റ് പ്രയോറിറ്റി" എന്ന് കാർഡിൽ രേഖപ്പെടുത്തി നൽകുന്നുണ്ട്. |
| **(ബി)** | വയനാട് ജില്ലയിലെ തോട്ടം തൊഴിലാളികൾക്ക് മുൻഗണന റേഷൻകാർഡ് ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ? | **(ബി)** | ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013 സംസ്ഥാനത്ത് നടപ്പാക്കിയതുമായി ബന്ധപ്പെട്ട് ഏറ്റവും അർഹരായ മുൻഗണനാ വിഭാഗത്തെ കണ്ടെത്തുന്നതിനായി പരിഷ്കരിച്ച മാനദണ്ഡം സംബന്ധിച്ച 18.09.2017 ലെ സ.ഉ(സാധാ)നം.320/17/ഭ.പൊ.വി.വ പ്രകാരം ഒഴിവാക്കൽ മാനദണ്ഡങ്ങൾ ബാധകമല്ലാത്ത പരമ്പരാഗത/അസംഘടിത തൊഴിലാളികൾ ഉൾപ്പെടുന്ന കുടുംബങ്ങളെ മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**